# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
## (സംഗ്രഹം)

ബി.ആർക് കോഴ്സ് - ഇന്റേണൽ റീ-ഡു- റെഗുലേഷൻ ഭേദഗതി - ശുപാർശ സമർപ്പിക്കുന്നതിന് എക്സ്പെർട്ട് കമ്മിറ്റി രൂപീകരണം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

**അക്കാദമിക് എIV വിഭാഗം**

സ.ഉ.നം: 4981/എIV/1/2018/അക്കാദമിക് പ്രിയദർശിനി ഹിൽസ്, തീയതി: 20.06.2018

==========================================================================================

വായിക്കുക:- സ.ഉ.നം. 3606/എIV/1/2018/അക്കാദമിക് തീയതി, 24/04/2018.

**ഉത്തരവ്**

മുകളിൽ പരാമർശിച്ചിട്ടുള്ള പേപ്പർ പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബി.ആർക് കോഴ്സിന്റെ ഇന്റേണൽ അസസ്സ്മെന്റ് പേപ്പറുകൾക്ക് റീ-ഡു, ബി.ടെക് കോഴ്സിന്റെ ഇന്റേണൽ റീ-ഡുവിന് തുല്യമായ ഫീസ് നിരക്കിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടി കോഴ്സിന്റെ റെഗുലേഷനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന ആർകിടെക്ചർ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുവാൻ വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസിലർ അംഗീകാരം നൽകി:-

| ക്രമ നമ്പർ | പേര്, ഔദ്യോഗിക മേൽവിലാസം | കമ്മിറ്റി ചുമതല |
|---|---|---|
| 1. | പ്രൊഫ. നാരായണൻ<br>പ്രൊഫസർ & ഹെഡ്<br>മംഗളം സ്കൂൾ ഓഫ് ആർകിടെക്ചർ,<br>ഏറ്റുമാനൂർ | കൺവീനർ |
| 2. | ഡോ. ബിനിമോൾ ടോം<br>പ്രൊഫസർ & ഹെഡ്<br>ഡിപ്പാർട്ട്മെന്റ് ഓഫ് ആർകിടെക്ചർ,<br>രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | അംഗം |
| 3. | ഡോ. എ. പ്രവീൺ<br>ഡീൻ, ഫാക്കൾട്ടി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി<br>(രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം) | അംഗം |

ടി വിദഗ്ധ സമിതി 26/06/2018 രാവിലെ 10.30ന് സർവകലാശാല ആസ്ഥാനത്ത് യോഗം ചേരേണ്ടതും ശുപാർശകൾക്ക് അന്തിമരൂപം നൽകേണ്ടതുമാണ്. ടി ശുപാർശകൾ 10 ദിവസത്തിനകം റിപ്പോർട്ട് ആയി സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണൻ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:-

1. അംഗങ്ങൾ, എക്സ്പെർട്ട് കമ്മിറ്റി
2. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ
4. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ വിഭാഗം)
5. എഡിബി.6/എസിഎൽ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
6. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഫയൽ നം. ACA.IV/1/457/2018